**കേരള സർക്കാർ**

**ധനകാര്യ (എസ്എഫ്.സി.സെൽ-ബി) വകുപ്പ്**

സർക്കുലർ നമ്പർ: 90/2019/ധന തീയതി, തിരുവനന്തപുരം,18.11.2019.

---

**സർക്കുലർ**

വിഷയം:- സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ / അപേക്ഷകരുടെ ഭൗതിക സാഹചര്യങ്ങളുടെ പരിശോധന – മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-1. 06.11.2017 തീയതിയിലെ സ.ഉ.(എം.എസ്.) 483/2017/ധന ഉത്തരവ്.

2. 05.07.2019 തീയതിയിലെ 65/2019/ധന നമ്പർ പരിപത്രം.

3. 06.07.2019 തീയതിയിലെ എസ്.എഫ്.സി.ബി3/39/2019-ധന നമ്പർ പരിപത്രം.

സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകരുടെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച് സൂചന 2-ലെ പരിപത്രം പ്രകാരം സ്പഷ്ടീകരണം പുറപ്പെടുവിച്ചിരുന്നു. ഈ നിർദ്ദേശങ്ങൾ സൂചന 3 പ്രകാരം താൽകാലികമായി തടഞ്ഞുവയ്ക്കുകയുണ്ടായി. ഈ വിഷയം സർക്കാർ പുനഃപരിശോധിക്കുകയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവിന്റെ / അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ താഴെ വിശദീകരിച്ചിട്ടുള്ള വിഭാഗത്തിലുള്ളവർ മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ള ഗണത്തിൽപ്പെടും എന്ന് സ്പഷ്ടീകരണം നൽകുകയും ചെയ്യുന്നു.

i. 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണമുള്ളതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ

ii. താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷണർ ഉള്ളവർ

iii. കുടുംബത്തിൽ 1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി. വാഹനങ്ങൾ ഉള്ളവർ.

2. കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ വിവാഹിതരായ മക്കളുടെ വരുമാനം കണക്കിലെടുക്കേണ്ടതില്ല എന്നും സ്പഷ്ടീകരിക്കുന്നു.

3. സൂചന 2 ലെ പരിപത്രം ഇപ്രകാരം പരിഷ്കരിക്കുന്നു.

**പ്രതീപ് കുമാർ. ബി.**
**ജോയിന്റ് സെക്രട്ടറി(ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
3. പഞ്ചായത്ത് ഡയറക്ടർ, ഡി.ബി.ടി. സെൽ, തിരുവനന്തപുരം
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5. മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
6. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

7. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം. വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
11. ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (1140098)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ